## 609

*രീതി: സ്തോത്രം സ്തോത്രം നിൻ നാമത്തിനു*

പാടുവിൻ സ്തുതിഗാനം നാം പരന്
ഹൃദി ചേരുമതിമോദമോടെ-

1 പാപം പിണിപശിതീരും ഖേദമെല്ലാമൊഴിഞ്ഞിടും
പാവനാത്മ നിറവിൽ നാം ഗാനം പാടേണം
ആദിവേദനാദമാകുമേശു നാഥസ്തുതിഗീത-
നാദഭംഗി ലോകമെങ്ങും കാതുകളിൽ മുഴങ്ങട്ടെ-

2 നാശക്കുഴിയതിൽനിന്നും ദൈവം നമ്മെക്കരയേറ്റി
കാലുകളെ ഉറപ്പേറും പാറമേൽ നിർത്തി
നാവിൽ തന്നു പുതുഗാനം ദൈവത്തിനു സ്തുതിതാനാ-
ഗാനശ്രുതി നേരമാരും യാഹെ രക്ഷിതാവായ്ക്കാണും-

3 മോശെയുടെ വീണാഗാനം വെളിപ്പാടിൽ കേൾക്കും ഗീതം
രക്ഷ ദൈവത്തിന്റെ ദാനമെന്നതുതന്നെ
ശക്തി, ബഹുമാനം, സ്തുതി നിത്യതാതൻ പുത്രനാത്മാ-
വിന്നു നിത്യം ഭവിക്കട്ടെ ഹല്ലേലുയ്യാ ആമേൻ സ്തോത്രം- **K.J.G.**